● റിപ്പോർട്ട്

# ആദിവാസി സ്വയംഭരണം – സാധ്യതകൾ, പ്രശ്നങ്ങൾ

**ജൂലായ് 25, 26 തീയതികളിൽ കോഴിക്കോട്ടു വച്ചു നടന്ന ചർച്ച**
**വിഷയം : പങ്കാളിത്തഭരണം, സ്വയംഭരണം, പാരിസ്ഥിതിക ശങ്കകൾ**

**കേ**രളത്തിലെ സാമൂഹ്യ പ്രസ്ഥാനങ്ങളുടെ ചലനശക്തികളെ നിർണായകമായി സ്വാധീനിക്കാവുന്ന വിധമുള്ള ഒന്നായി മുത്തങ്ങയിലെ ആദിവാസി മുന്നേറ്റം മാറി. സ്വയം ഭരണം, വിഭവങ്ങൾക്കുമേലുള്ള അവകാശം, സാമൂഹ്യ നീതി എന്നീ മുദ്രാവാക്യങ്ങൾ സമൂഹത്തിന്റെ 'മുഖ്യധാര' യിലേക്കുകൊണ്ടു വരുന്നതിൽ മുത്തങ്ങ സമരം പ്രധാന പങ്കു വഹിച്ചു. എന്നാൽ ഈ സമരത്തെ അക്രമമായും കയ്യേറ്റമായും ജൈവ വൈവിദ്ധ്യ മേഖലക്കു നാശം വരുത്തുന്നതായും കാണുന്ന ഒരു വിഭാഗം ഇന്നു കേരളത്തിലുണ്ട്. പങ്കാളിത്ത ജനകീയാസൂത്രണത്തിന്റെ പേരിൽ അഭിമാനിച്ച കേരളത്തിന് എന്തു പാഠമാണ് മുത്തങ്ങ നൽകുന്നത്? ഇത്തരം ചില പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനാണ് അമ്പതോളം പേർ ജൂലായ് 25, 26 തീയതികളിൽ കോഴിക്കോട് യൂത്ത് ഹോസ്റ്റലിൽ ഒത്തു ചേർന്നത്.

ഇന്ത്യയിലാകെ അറിയപ്പെടുന്ന സാമൂഹ്യ പ്രവർത്തകനും ഭാരത് ജന ആന്ദോളന്റെ കൺവീനറുമായ ബി.ഡി. ശർമ്മ, ആദിവാസി സ്വയം ഭരണത്തിനായുള്ള ദേശീയ മുന്നണി കൺവീനർ പ്രദീപ് പ്രഭു, സെന്റർ ഓഫ് സയൻസ് ആന്റ് എൻവിറോൺമെന്റിലെ സുനിതാ നാരായൺ, ആദിവാസി ഗോത്ര മഹാസഭ നേതാവ് ഗീതാനന്ദൻ, പ്രൊഫ. എം.കെ. പ്രസാദ്, സി.ആർ.ബിജോയ്, ഡോ. കുഞ്ഞാമൻ, സിവിക് ചന്ദ്രൻ, ടോമി മാത്യു, എം. ഗംഗാധരൻ തുടങ്ങിയവർ ചർച്ചകളിൽ പങ്കെടുത്തു. പ്രാക്സിസ് എന്ന സന്നദ്ധ സംഘടനയും പാഠഭേദവും ചേർന്നാണ് ചർച്ച സംഘടിപ്പിച്ചത്. മുത്തങ്ങാനന്തര സാമൂഹ്യ വ്യവസ്ഥയെപ്പറ്റി എം. ഗീതാനന്ദൻ രേഖ അവതരിപ്പിച്ചു. ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും കാലഘട്ടത്തിൽ, 'ക്ഷേമരാഷ്ട്രം' എന്ന ഭരണകൂട സങ്കൽപം കൊഴിഞ്ഞു വീഴുമ്പോൾ..... ഭരണകൂടം മർദ്ദനോപകരണം മാത്രമായി മാറുമ്പോൾ........... വിഭവങ്ങൾക്കു മേൽ മൂലധനത്തിന്റെ നിയന്ത്രണം മുറുകുന്നു. സിവിൽ സമൂഹവും അതിന്റെ നിലനിൽപും ഭരണകൂടത്തിന്റെ പരിഗണനയിലില്ല. ഭരണഘടനയിൽ ജനാധിപത്യത്തെപ്പറ്റി ഏറെ പറയുന്നുവെങ്കിലും രാഷ്ട്രീയ പ്രക്രിയകളും ഭരണകൂട നയങ്ങളും അതിനെ ദുർബലപ്പെടുത്തുന്നു. അതിലെ വൈരുദ്ധ്യങ്ങളെ പുറത്തു കൊണ്ടു വരുന്നു. വ്യക്തിയും സാമൂഹ്യ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധങ്ങൾ പുനർ നിർമ്മിക്കപ്പെടേണ്ടതുണ്ട്. ആദിവാസികൾ ഉയർത്തുന്ന സ്വയംഭരണ മുദ്രാവാക്യത്തെ ഭരണകൂടം തകർക്കുന്നു. 73, 74 ഭരണഘടനാ ഭേദഗതികൾ, 'പെസ' തുടങ്ങിയവയുടെ അനുഭവങ്ങൾ വിലയിരുത്തുകയും സിവിൽ സമൂഹം ഏറ്റെടുക്കേണ്ട പുതിയ കടമകൾ മുന്നോട്ടു വെക്കുകയും ചെയ്തു, ഗീതാനന്ദൻ.

'ആദിവാസികൾക്ക് വനവിഭവങ്ങൾക്കു മേലുള്ള അധികാരവും പാരിസ്ഥിതിക ആശങ്കകളും' എന്ന വിഷയം സുനിതാ നാരായണൻ അവതരിപ്പിച്ചു. പാരിസ്ഥിതിക വിവേകവും ജീവനോപാധികളും തമ്മിലുള്ള താരതമ്യമാണ് മുത്തങ്ങ ഉയർത്തുന്ന പ്രശ്നം. വനസംരക്ഷണത്തിനായുള്ള ചിപ്കോ പ്രസ്ഥാനം മരം മുറിക്കാനുള്ള അവകാശത്തിനു വേണ്ടി കൂടിയായിരുന്നു. എന്നാൽ സർക്കാർ പരിപാടിയായ പങ്കാളിത്ത വന സംരക്ഷണം വൻ പരാജയമായിരുന്നു. പെസാ നിയമഭേദഗതി ഈ രംഗത്ത് ഒട്ടേറെ സാധ്യതകൾ തുറന്നു തന്നിട്ടുണ്ട്. വിഭവങ്ങൾ ഉപയോഗിക്കാനുള്ള അവകാശമാണ് പ്രധാനം. ഊഷരമായ ഒരു തുണ്ടു ഭൂമിക്കു വേണ്ടിയല്ല, 'വികസനത്തിനുള്ള അവകാശ' ത്തിനുവേണ്ടിയാണ് സമരം ചെയ്യേണ്ടത്. വനവിഭവങ്ങൾ കമ്പോളത്തിൽ വിൽക്കാൻ കഴിയണം. വനാധിഷ്ഠിത സമ്പദ് വ്യവസ്ഥ വേണം. സുനിതാ നാരായണിന്റെ ഈ നിലപാടുകളോട് അനുകൂലമായിരുന്നില്ല പൊതു പ്രതികരണം.

നിലവിലുള്ള (ബൂർഷ്വാ) പാർലമെന്ററി ജനാധിപത്യത്തിന് അനുയോജ്യമായതല്ല പെസ എന്നതിനാൽ എല്ലാ സർക്കാരുകളും സ്വയംഭരണത്തെ തകർക്കുകയാണെന്ന് പ്രദീപ് പ്രഭു പറഞ്ഞു. മുതലാളിത്തത്തിലെ പ്രാതിനിധ്യ ജനാധിപത്യം അധിനിവേശത്തിന്റേതാണ്. ഇറാക്ക് അധിനിവേശത്തെ വരെ ന്യായീകരിക്കാൻ ഈ ചട്ടക്കൂട് സഹായകരമായി. പ്രത്യക്ഷ ജനാധിപത്യമെന്നത് താഴെ തട്ടിൽ സമരം ചെയ്യുന്നവർക്കേ സ്വീകാര്യമാകൂ. ഇന്നത്തെ സാഹചര്യത്തിൽ ആദിവാസി സ്വയം ഭരണമെന്നത് ഒരു സമര സാധ്യതയാണ്. പൊതുസമൂഹത്തിലെ ആധിപത്യ മൂല്യങ്ങൾ ആദിവാസികളിലേക്കും വ്യാപിച്ചിരിക്കുന്നു. വീടിന്റെ മൂല്യം, സ്ത്രീ വിരുദ്ധ പുരുഷാധിപത്യ നിലപാടുകൾ, മുതലായവ ഇതിനുദാഹരണമാണ്. ഭൂരിപക്ഷമല്ല, സമവായമാണ് സ്വയംഭരണത്തിന്റെ രീതി. മന്ത്രവാദിനിയെന്നാക്ഷേപിച്ച് പുറത്താക്കലും വധിക്കലുമെല്ലാം ഈ മാറ്റത്തിന്റെ ഫലമായുണ്ടായതാണ്. രക്ഷാകർതൃത്വം, അനുസരണ, വ്യക്തികളോടുള്ള പ്രത്യേക കൂറ് മുതലായവയൊന്നും സ്വയംഭരണത്തിലില്ല. ഇതിന് ആദിവാസികൾക്കേ കഴിയൂ. കാരണം 'ആധുനിക' ഭരണരൂപമായ ബ്രിട്ടീഷ് ആധിപത്യത്തോട് പടപൊരുതിക്കൊണ്ടു രൂപപ്പെട്ടതാണ് അവരുടെ സ്വത്വം.

ഇന്നലെ (1996) വരെ ആദിവാസികൾ ചെയ്യുന്നതെല്ലാം നിയമവിരുദ്ധവും ഭരണകൂടം ചെയ്യുന്നത് നിയമവിധേയവുമായിരുന്നു, ഇന്നതു മാറിയെന്നു പറഞ്ഞുകൊണ്ടാണ് ബി.ഡി. ശർമ്മ ഇടപെട്ടത്. ആദിവാസികളുടെ 'സാമൂഹ്യ ശരി' കളെല്ലാം നിയമവിധേയമാക്കിക്കൊണ്ടാണ് പെസ വന്നത്. ഇതനുസരിച്ച് സിവിൽ, ക്രിമിനൽ, എക്സൈസ് തുടങ്ങിയ പൊതു നിയമങ്ങളൊന്നും സ്വയംഭരണ മേഖലകളിൽ ബാധകമല്ല. പക്ഷെ ഈ അവകാശങ്ങളെല്ലാം ഇന്നു ഭരണകൂടങ്ങൾ ലംഘിക്കുകയാണ്-അവരാണിന്നു നിയമലംഘകർ. പൊലീസ്, മന്ത്രി മുതലായവരൊന്നും ഇവർക്കു ബാധകമല്ല. (ഇതു നമുക്ക് രുചിക്കില്ല. പക്ഷെ 1935 ലെ നിയമത്തിലും ഭരണഘടനയിലെ നാൽപതാം വകുപ്പിലും നിർവചിച്ചിട്ടുള്ള കാര്യങ്ങളാണിവ) ബ്രിട്ടീഷിന്ത്യയുടെ തന്നെ ഭാഗമായിപ്പോലും ആദിവാസി മേഖലകളെ വെള്ളക്കാർ കണ്ടിരുന്നില്ല. വിഭവങ്ങൾക്കു മേലുള്ള അധികാരം പോലെത്തന്നെയാണ് തർക്ക പരിഹാരത്തിനുള്ള അധികാരവും. കോടതിയിലോ പോലീസ് സ്റ്റേഷനിലോ ഒരിക്കൽ പോലും പോകാത്തവർ വസിക്കുന്ന ആയിരക്കണക്കിന് ആദിവാസി ഗ്രാമങ്ങൾ ഇന്ത്യയിലുണ്ട്. സ്വന്തം ഗ്രാമത്തിലെ നിയമങ്ങൾ അവർ തന്നെയാണ് നടപ്പിലാക്കുന്നത്. ആദിവാസിയെന്നാൽ കർഷകനാണെന്ന ഭരണകൂട ധാരണയും ശരിയല്ല-ശർമ്മ പറഞ്ഞു.